I ഇ.ബി. XIV - കേരള നിയമസഭ /XI-6

**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 11, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1612-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 07-03-2018-ലെ നക്ഷത്രചിഹ്നമിടാത്ത 1612-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രി മേശപ്പുറത്തു വച്ചു.

II **അടിയന്തരപ്രമേയം**

തൊഴിൽ സമരം

മി. സ്പീക്കർ: സി.ഐ.ടി.യു.-വിന്റെ അക്രമാസക്തമായ സമരത്തെത്തുടർന്ന്

അടച്ചിട്ടിരിക്കുന്ന കോലഞ്ചേരി കടയിരുപ്പ് സിന്തൈറ്റ് കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സംരക്ഷണം നൽകാൻ പോലീസ് തയ്യാറാകാത്തതുമൂലം കേരളത്തിലെ വ്യവസായ മേഖലയിൽ ഉണ്ടാകാനിടയുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. പി. സജീന്ദ്രൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സംസ്ഥാനത്തിനകത്തും അയൽ സംസ്ഥാനങ്ങളിലും വിദേശത്തുമായി നിരവധി പേർക്ക് തൊഴിൽ നൽകി വരുന്ന എറണാകുളം കോലഞ്ചേരി കടയിരുപ്പ് സിന്തൈറ്റ് കമ്പനിയിൽ 'സേവ' എന്ന ഒറ്റ യൂണിയൻ മാത്രമാണുണ്ടായിരുന്നത്. സി.ഐ.ടി.യു.-വിന്റെ നേതൃത്വത്തിൽ ഒരു പുതിയ യൂണിയൻ രൂപീകരിച്ചതിനെത്തുടർന്ന് മാനേജ്മെന്റ് 7 പേരെ സ്ഥലം മാറ്റുകയും പ്രസ്തുത നടപടിയെ തൊഴിലാളികൾ ചോദ്യം ചെയ്യുകയും ലേബർ കമ്മീഷണറുടെ സാന്നിധ്യത്തിൽ വിഷയം ചർച്ച ചെയ്യുകയും തൊഴിലാളികൾ സ്ഥലം മാറ്റം അംഗീകരിക്കുകയും ചെയ്തു. മാനുഷിക പരിഗണനയുടെ പേരിൽ മൂന്നുപേരെ നിശ്ചിത കാലയളവിനുള്ളിൽ തിരിച്ചു കൊണ്ടുവരാമെന്ന് മാനേജ്മെന്റ് അംഗീകരിച്ചു. ചർച്ചയുടെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകൾ നിലനിൽക്കെ

സി.ഐ.ടി.യു. അംഗങ്ങളായ 18 പേരെക്കൂടി മേയ് മാസത്തിൽ തമിഴ്നാട്ടിലേയ്ക്ക് സ്ഥലം മാറ്റിയതിനെത്തുടർന്ന് വീണ്ടും സമരമുണ്ടായി. സി.ഐ.ടി.യു.വിൽപ്പെട്ട തൊഴിലാളികളെ അന്യായമായി സ്ഥലം മാറ്റുന്നുവെന്നാണ് സമരത്തിലുള്ള തൊഴിലാളികളുടെ വാദം. ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ വീണ്ടും ചർച്ച നടത്തിയെങ്കിലും മാനേജ്മെന്റ് ഒത്തുതീർപ്പിന് തയ്യാറായില്ല. ചർച്ചയ്ക്കുശേഷവും കമ്പനി അധികൃതരേയും തൊഴിലാളികളേയും നേരിട്ട് വിളിച്ചെങ്കിലും മാനേജ്മെന്റ് ഒത്തുതീർപ്പിന് തയ്യാറായില്ല. ചില അനിഷ്ട സംഭവങ്ങളെത്തുടർന്ന് സർക്കാർ പോലീസ് സംരക്ഷണം നൽകിയെങ്കിലും കോടതി വിധി പാലിച്ചില്ലെന്നു പറഞ്ഞ് കമ്പനി വീണ്ടും കോടതിയെ സമീപിച്ചിരിക്കുകയാണ്. രണ്ട് യൂണിയനുകളിൽ നിന്നും തുല്യമായി തൊഴിലാളികളെ ട്രാൻസ്ഫർ ചെയ്യണമെന്ന വാദം കമ്പനി അംഗീകരിച്ചില്ല. തൊഴിലാളികളുടെ ഭാഗത്ത് തെറ്റുണ്ടെങ്കിൽ കർശനമായ നിലപാട് സ്വീകരിക്കും. പോലീസ് സംരക്ഷണം നൽകിയെങ്കിലും സമ്മർദ്ദ തന്ത്രത്തിന്റെ ഭാഗമായി കമ്പനി പൂട്ടിയിടാനാണ് മാനേജ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. കമ്പനി തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നതാണ്. കേരളത്തിന്റെ വ്യവസായ സൗഹൃദാന്തരീക്ഷത്തിന് കോട്ടംതട്ടുകയില്ല. സ്വാഭാവികമായ തൊഴിൽ തർക്കത്തിന്റെ ഭാഗമായി ചർച്ചയിലൂടെ പരിഹരിക്കേണ്ട ഈ വിഷയം അടിയന്തരപ്രമേയമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സുഗന്ധവ്യഞ്ജനങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി നടത്തുകയും കേരളത്തിനകത്തും പുറത്തും ധാരാളം തൊഴിലവസരങ്ങൾ നൽകുകയും ചെയ്യുന്ന സിന്തൈറ്റ് കമ്പനി പത്ത് ദിവസമായി അടച്ചിട്ടിരിക്കുകയാണ്. സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മൂന്നുമാസം മുമ്പുണ്ടായ സമരം ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് പിൻവലിച്ചെങ്കിലും ജോലിക്കെത്തുന്ന ആളുകളെ തടയുകയും അക്രമം അഴിച്ചുവിടുകയും ചെയ്യുന്നു. തൊഴിലാളികൾക്ക് സംരക്ഷണം നൽകണമെന്ന ഹൈക്കോടതി ഉത്തരവ് പാലിക്കാതെ സി.ഐ.ടി.യു.-വിനെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ പാസ്സാക്കുകയും വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുകയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുകയും ചെയ്തെങ്കിലും കേരളം വ്യാവസായിക പുരോഗതി കൈവരിച്ചിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള വ്യവസായങ്ങൾ സംരക്ഷിക്കപ്പെടണം. ആവശ്യമായ പോലീസ് സംരക്ഷണം നൽകിക്കൊണ്ട് സിന്തൈറ്റ് കമ്പനി സുഗമമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി സംസ്ഥാനത്ത് പുതിയ വ്യാവസായിക അന്തരീക്ഷം വളർന്നുവന്നിട്ടുണ്ട്. സിന്തൈറ്റ് കമ്പനിയിലെ തൊഴിലാളി പ്രശ്നം പരിഹരിക്കുന്നതിനായി ലേബർ കമ്മീഷണറുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിലെ വ്യവസ്ഥകൾ മാനേജ്മെന്റ് ലംഘിച്ചതിന്റെ ഫലമായാണ് കമ്പനിയിൽ സമരമുണ്ടായത്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പോലീസ് സംരക്ഷണം നൽകിയിട്ടുണ്ട്. സമരത്തെ തുടർന്നുണ്ടായ അനിഷ്ട സംഭവങ്ങളിന്മേൽ കമ്പനിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുതലാളിമാരുടെ ജനാധിപത്യ വിരുദ്ധമായ നിലപാടിനെ ചോദ്യം ചെയ്യാൻ തൊഴിലാളികൾക്ക് അവകാശമുണ്ട്. ജനാധിപത്യ വ്യവസ്ഥയ്ക്കനുസരിച്ച് വൈദഗ്ദ്ധ്യത്തോടുകൂടി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാതെ കമ്പനി അടച്ചിടുകയാണ് മാനേജ്മെന്റ് ചെയ്തത്. സിന്തൈറ്റ് കമ്പനിയിലെ പ്രശ്നം സംബന്ധിച്ച് വീണ്ടും ചർച്ച ചെയ്യാനും ആവശ്യമായ പോലീസ് സംരക്ഷണം നൽകാനും സർക്കാർ തയ്യാറാണ്. തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് വ്യവസായം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ എല്ലാ സാഹചര്യവും സർക്കാർ ഒരുക്കിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട

ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഗവൺമെന്റ് നയത്തിന് കടകവിരുദ്ധമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. അനാവശ്യമായ തൊഴിൽ തർക്കങ്ങളും സമരങ്ങളുംമൂലം വ്യവസായങ്ങളും നിക്ഷേപവും ഇല്ലാതാകുന്ന സ്ഥിതിവിശേഷം മാറേണ്ടിയിരിക്കുന്നു. നിക്ഷേപങ്ങളും ആകർഷിക്കുകവഴി കൂടുതൽ വ്യവസായങ്ങളും തൊഴിൽ സംരംഭങ്ങളും സൃഷ്ടിക്കുന്ന നിലപാടുകളാണ് ഇന്ന് ഇതര രാജ്യങ്ങളും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളും സ്വീകരിച്ചുവരുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പ്രാവർത്തികമാക്കുന്നതിനായി ഈ ഗവൺമെന്റ് കൊണ്ടുവന്ന ഏഴ് നിയമനിർമ്മാണങ്ങളോടും പ്രതിപക്ഷം പൂർണ്ണമായും സഹകരിക്കുകയാണുണ്ടായത്. കേരളത്തിന്റെ വ്യാവസായിക കേന്ദ്രമായ കൊച്ചിയിലെ വ്യവസായ സ്ഥാപനങ്ങൾ പല കാരണങ്ങളാലും അടച്ചുപൂട്ടപ്പെടുകയോ അന്യസംസ്ഥാനങ്ങളിലേയ്ക്ക് മാറ്റപ്പെടുകയോ ചെയ്യുകയാണ്. യന്ത്രവത്കരണത്തിനെതിരെയുള്ള സമരങ്ങൾ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെ ഇല്ലാതാക്കി. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ നിക്ഷേപങ്ങൾ നടത്തുന്നതിനോ സർക്കാരിന് സാധിക്കുന്നില്ല. നോക്കുകൂലി

ഇപ്പോഴും നിലനിൽക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോഴും നഷ്ടത്തിൽ തന്നെയാണെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. 'നീര' ഉല്പാദനം പോലും ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സിന്തൈറ്റ് കമ്പനിയിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിലവിലുള്ള വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുമുള്ള നടപടി സ്വീകരിക്കണം. വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സിന്തൈറ്റ് കമ്പനി വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വന്നിരുന്ന സ്ഥാപനമാണ്. സി.ഐ.ടി.യു.-വിന്റെ നേതൃത്വത്തിൽ ഒരു പുതിയ സംഘടന രൂപീകരിച്ചതിനുള്ള പകപോക്കൽ നടപടിയായി ഒരു കൂട്ടം തൊഴിലാളികളെ സ്ഥലം മാറ്റിയതാണ് പുതിയ പ്രശ്നത്തിന് കാരണമായത്. ഇതുസംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിലെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ മാനേജ്മെന്റ് തയ്യാറാകുന്നില്ല. മാനേജ്മെന്റിന്റെ സമീപനത്തിലും തിരുത്തൽ ആവശ്യമാണ്. പ്രശ്ന പരിഹാരത്തിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## III ശ്രദ്ധക്ഷണിക്കൽ

### (1) സിനിമാ മേഖലയിലെ നികുതി വെട്ടിപ്പ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സംസ്ഥാനത്ത് ചരക്കുസേവന നികുതി പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുകയും നിത്യോപയോഗ സാധനങ്ങളുടെയും ഇന്ധനത്തിന്റെയും വിലവർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ചരക്കുസേവന നികുതി നിഷ്കർഷിച്ചിരിക്കുന്ന വരുമാന പരിധിയിൽ ഉൾപ്പെടുന്നില്ലെന്ന വ്യാജേന പല സ്ഥാപനങ്ങളും നികുതി അടയ്ക്കാത്ത സാഹചര്യവും ഇവ പരിശോധിച്ച് നടപടിയെടുക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ സംവിധാനങ്ങളില്ലാത്ത അവസ്ഥയും നിലനിൽക്കുന്നു. ചരക്കുസേവന നികുതി പ്രാബല്യത്തിൽ വന്നപ്പോൾ സിനിമാ മേഖലയെ വിനോദ നികുതിയിൽനിന്ന് ഒഴിവാക്കിയ നടപടി പുന:പരിശോധിക്കണം. നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സിനിമാശാലകളിലെ വാഹന പാർക്കിംഗിനായി ചാർജ്ജ് ഈടാക്കുന്നതും റിസർവ്വേഷൻ, മെയിന്റനൻസ് എന്നീ ഇനങ്ങളിൽ അമിതചാർജ്ജ് ഈടാക്കുന്നതും സംബന്ധിച്ച് പരിശോധന നടത്തണം. സംസ്ഥാനത്തെ സിനിമാശാലകളിൽ പ്രദർശിപ്പിക്കുന്ന അന്യഭാഷാ ചിത്രങ്ങൾക്ക് വിനോദ നികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തണം. സിനിമാശാലകളിലെ ടിക്കറ്റ് വിൽപ്പനയിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് ടിക്കറ്റ് മെഷീനുകളിൽ സർക്കാർ

നിയന്ത്രിത സെർവർ സ്ഥാപിക്കുന്നതിനും നികുതി വെട്ടിപ്പ് സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ചരക്കുസേവന നികുതിയുമായി ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥ പ്രകാരം 2838 കോടി രൂപ ലഭിച്ചതുൾപ്പെടെ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ 14 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ മേഖലയിൽ ഉൾപ്പെടുന്ന വിവിധ വിഭാഗങ്ങളെ ചരക്കുസേവന നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.എഫ്.ഡി.സി.-യുടെ 16 തിയേറ്ററുകളിലും ഇ-ടിക്കറ്റിംഗ് സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള പ്രൈവറ്റ് തിയേറ്ററുകളുടെ നികുതി സംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ല. ഇ-ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സാംസ്കാരിക വകുപ്പുമായി ആലോചിക്കുന്നതും മാതൃഭാഷയിലല്ലാത്ത ചലച്ചിത്രങ്ങൾക്ക് വിനോദനികുതി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതുമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കാൻ നടപടി

സ്വീകരിച്ചിട്ടുണ്ട്. വിനോദ നികുതിയുടെ കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സെർവർ കെ.എസ്.എഫ്.ഡി.സി. ഏറ്റെടുത്താൽ ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും.

(2) <u>കേന്ദ്ര വാണിജ്യ നയം</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. പി. സി. ജോർജ്, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. മോൻസ് ജോസഫ്</u>: സംസ്ഥാനത്തെ റബ്ബർ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ തെറ്റായ നയങ്ങൾക്കെതിരെ പ്രതികരിക്കാനും കേന്ദ്ര വിള കയറ്റുമതി നയത്തിൽ റബ്ബറിനെക്കൂടി ഉൾപ്പെടുത്താനും കേന്ദ്ര വാണിജ്യ മന്ത്രാലയം ആവിഷ്കരിക്കുന്ന റബ്ബർ നയം കേരളത്തിന് ഗുണകരമായ രീതിയിൽ മാറ്റിയെടുക്കാനും ആവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കാർഷിക വിളകളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള കരട് നയം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചപ്പോൾ മികവിന്റെ മേഖലയിൽനിന്ന് റബ്ബറിനെയും പ്രധാനപ്പെട്ട കാർഷിക വിളകളേയും ഒഴിവാക്കിയത് ശരിയല്ല. റബ്ബർ നയം ആവിഷ്കരിക്കുന്നതിനായി കേരളത്തിലെയും ത്രിപുരയിലെയും ചീഫ് സെക്രട്ടറിമാർ കൺവീനർമാരായി ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി.

കുടിശ്ശികയായ വിലസ്ഥിരതാ ഫണ്ട് കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: നഷ്ടത്തിലായ റബ്ബർ കൃഷിക്ക് പകരം എന്ത് കൃഷി ചെയ്യാൻ കഴിയുമെന്ന് ഗൗരവമായി ആലോചിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് കാർഷിക കയറ്റുമതി നയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റബ്ബർ മേഖലയായി കോട്ടയം, പത്തനംതിട്ട, കണ്ണൂർ ജില്ലകളെയും വാഴപ്പഴത്തിന്റെ മേഖലയായി തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളെയും മാങ്ങയുടെ മേഖലയായി വയനാടിനെയും മഞ്ഞളിന് വയനാട്, ആലപ്പുഴ, ജില്ലകളേയും ഉൾപ്പെടുത്തണമെന്നും അന്താരാഷ്ട്ര വിപണിയിൽ ഏറെ പ്രാധാന്യമുള്ള കശുവണ്ടിയെ കാസർഗോഡ്, കണ്ണൂർ ജില്ലകളേയും കുരുമുളകിന് വയനാട് ജില്ലയേയും നാളികേരത്തിന് കോഴിക്കോട് ജില്ലയേയും തേയില, ഏലം എന്നിവയ്ക്ക് ഇടുക്കി ജില്ലയേയും ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജാതിക്കാ-യ്ക്കായി തൃശ്ശൂർ, എറണാകുളം ജില്ലകൾ കേന്ദ്രീകരിച്ച് മേഖല രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. സംസ്ഥാന കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ ഫലമായി സ്വാഭാവിക റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ ടാസ്ക് ഫോഴ്സ് ഓൺ

റബ്ബർ രൂപീകരിക്കുകയും രണ്ട് യോഗങ്ങൾ ചേരുകയും ചെയ്തിട്ടുണ്ട്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ നടപ്പാക്കുന്ന കാര്യം കേന്ദ്ര സർക്കാർ തത്വത്തിൽ പരിഗണിച്ചിട്ടുണ്ട്. റിപ്പോർട്ട് അംഗീകരിക്കണമെന്നും റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കണമെന്നും ടാസ്ക് ഫോഴ്സിന്റെ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ 635.19 കോടി രൂപയുടെ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. റബ്ബർ കർഷകർക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതാണ്. പ്ലാസ്റ്റിക് ചിരട്ടയ്ക്ക് ജി.എസ്.ടി. ഏർപ്പെടുത്തിയത് ജി.എസ്.ടി. കൗൺസിലായതിനാൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. സിയാൽ മാതൃകയിൽ റബ്ബറധിഷ്ഠിത മൂല്യവർദ്ധിത വ്യവസായം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## IV സബ്മിഷൻ

(1) <u>കാലവർഷക്കെടുതി</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കടൽക്ഷോഭം തടയുന്നതിന് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനും മലയോരമേഖലയിലുൾപ്പെടെ കാലവർഷക്കെടുതിയിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും

മരിച്ചവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: ദേവികുളം നിയോജകമണ്ഡലത്തിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽ തട്ടി മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് ധനസഹായം നൽകുന്നതിനും കാലവർഷക്കെടുതിയിൽ ദുരിതം അനുഭവിക്കുന്നവർക്ക് അടിയന്തര സഹായമെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കാലവർഷക്കെടുതിയിൽ വിവിധ ജില്ലകളിൽ വലിയ തോതിൽ കൃഷിനാശം സംഭവിക്കുകയും വീടുകൾ നഷ്ടപ്പെടുകയും ആളുകൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഗൗരവത്തോടെ കണക്കിലെടുത്ത് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 16-05-2018-ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വിളിച്ചുചേർത്ത മൺസൂൺ തയ്യാറെടുപ്പ് അവലോകന യോഗ തീരുമാനമനുസരിച്ച് 45 മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ പ്രത്യേക സർക്കുലർ വിവിധ വകുപ്പുകളുടെയും ജില്ലകളുടെയും ദുരിതാശ്വാസ നടത്തിപ്പിനും ഏകോപനത്തിനുമായി പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിന് 9 ജില്ലകളിൽ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുകയും ബാക്കി ജില്ലകളിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കാലാവസ്ഥാ നിരീക്ഷണ

കേന്ദ്രത്തിൽനിന്നും കാലവർഷം ആരംഭിക്കുമെന്ന അറിയിപ്പ് ലഭിച്ചയുടൻതന്നെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും നിലവിലുള്ള ജില്ലാതല എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ശാക്തീകരിക്കുകയും താലൂക്ക് തലത്തിൽ പുതിയതായി മുഴുവൻ സമയവും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറക്കുകയും ചെയ്തു. സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിലവിലുള്ള കൺട്രോൾ റൂമിൽ മറ്റ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഏത് അടിയന്തര ഘട്ടവും നേരിടുന്നതിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാലവർഷക്കെടുതിയിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് ധനസഹായവും നൽകുന്നതാണ്. മലയോര മേഖലയിൽ പൂർണ്ണമായും തകർന്ന വീടുകൾക്ക് 1,01,900 രൂപയും സമനിലങ്ങളിൽ 95,100 രൂപയും സഹായം നൽകുന്നതാണ്. കടൽക്ഷോഭത്തിൽ തകർന്ന വീടുകൾക്ക് (തീരത്തുനിന്ന് അമ്പത് മീറ്റർ ഉള്ളിൽ) 5 ലക്ഷം രൂപയും ഭാഗീകമായി തകർന്ന വീടുകൾക്ക് തകർച്ചയുടെ തോത് അനുസരിച്ചും ധനസഹായം നൽകുന്നതാണ്. അടിയന്തര സാഹചര്യം നേരിടുന്നതിന് തീരദേശ ജില്ലകൾക്ക് 50 ലക്ഷം രൂപയും മറ്റ് ജില്ലകൾക്ക് ആവശ്യപ്പെട്ടതനുസരിച്ചുള്ള തുകയും മുൻകൂറായി നൽകിയിട്ടുണ്ട്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് ദുരന്ത നിവാരണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം കൃഷിനാശത്തിന് ഹെക്ടറിന് 18,000 രൂപയാണ്

നഷ്ടപരിഹാരം നൽകുന്നത്. ഇതിനുപുറമേ സംസ്ഥാന വിഹിതമായി കൃഷി വകുപ്പിൽനിന്നുള്ള സഹായവും നൽകുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കടൽക്ഷോഭം തടയുന്നതിന് കല്ലിടൽ പ്രവൃത്തി വേണ്ടത്ര ഫലപ്രദമല്ലാത്തതിനാൽ ചില പ്രശ്നബാധിത പ്രദേശങ്ങളിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കല്ലിന്റെ ലഭ്യതക്കുറവുമൂലം ടെണ്ടർ വിളിച്ച പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. പ്രസ്തുത വിഷയത്തിൽ പ്രായോഗികമായി ചെയ്യാൻ സാധിക്കുന്ന എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(2) ഭൂ-റവന്യൂ രേഖകൾ ഒരു വില്ലേജിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. ഡി. കെ. മുരളി: റീസർവ്വേയിലെ അപാകതയും അശ്രദ്ധയുംമൂലം കല്ലറ വില്ലേജിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കല്ലറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മുൻ സർവ്വേ നമ്പർ 1436 മുതൽ 1457 വരെയും 1464 മുതൽ 1468 വരെയും 1842 മുതൽ 1880 വരെയുമുള്ള ഭാഗങ്ങൾ പുല്ലമ്പാറ വില്ലേജ് ബ്ലോക്ക് നമ്പർ 21-ൽ ഉൾപ്പെടുത്തിയാണ് റീ സർവ്വേ റിക്കാർഡുകൾ

തയ്യാറാക്കിയിട്ടുള്ളത്. നെടുമങ്ങാട് താലൂക്ക് വികസന സമിതിയുടെ ആവശ്യപ്രകാരം വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിനുള്ള രേഖകൾ തയ്യാറാക്കുന്നതിന് തിരുവനന്തപുരം സർവ്വേ ജോയിന്റ് ഡയറക്ടർ നടപടി സ്വീകരിച്ചുവരികയാണ്. കല്ലറ, കുറുപുഴ വില്ലേജുകളിലെ റീസർവ്വേ അപാകതകൾ പരിഹരിക്കുന്നതിന് നെടുമങ്ങാട് റീസർവ്വേ സൂപ്രണ്ട് ഓഫീസിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(3) തീരദേശ മേഖലയിൽ സ്വീവറേജ് സംവിധാനം

ശ്രീ. വി. എസ്. ശിവകുമാർ: വേളി മുതൽ പൂന്തുറ വരെയുള്ള തീരദേശമേഖലയിൽ സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനും പാർവ്വതീപുത്തനാറിൽ കക്കൂസ് മാലിന്യം ഒഴുക്കിവിടുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി വേളി മുതൽ പൂന്തുറ വരെയുള്ള തീരപ്രദേശങ്ങളിൽ സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചെങ്കിലും പമ്പ് ഹൗസുകൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ പദ്ധതി തയ്യാറാക്കി സ്വീവറേജ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജലപാത നിർമ്മാണവുമായി ബന്ധപ്പെട്ട് പാർവ്വതി

പുത്തനാർ ശുദ്ധീകരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്.

## (4) കുടിവെള്ള പദ്ധതികൾ

ശ്രീ. എം. വിൻസെന്റ്: കോവളം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കാഞ്ഞിരംകുളം, കരിങ്കുളം, പൂവാർ, തിരുപുറം എന്നീ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും ഉപരിതല ജലസംഭരണികളിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തികളും പൂർത്തീകരിക്കുകയുണ്ടായി. കരിങ്കുളം പഞ്ചായത്തിൽ 4.67 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ പുതുക്കിയ രൂപരേഖയ്ക്ക് അംഗീകാരം നൽകുകയും പൂർത്തിയായ പദ്ധതി കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ചില സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെട്ടുപോയ അടിമലത്തുറ, അമ്പലത്തുമൂല, പൂവാർ, കരിങ്കുളം എന്നീ തീരദേശ വില്ലേജുകളുടെ പദ്ധതിക്കുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ദർഘാസ് നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം വില്ലേജുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി ഭാഗികമായി പൂർത്തിയാക്കി കുടിവെള്ള വിതരണം

നടത്തിവരികയാണ്. കോവളം ഭൂതല ജലസംഭരണിയിൽ ജലമെത്തിച്ച് വിതരണം നടത്തിയതിലൂടെ ശുദ്ധജല ലഭ്യത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ആഴാകുളത്തും മുക്കോലയിലുമുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. സാങ്കേതിക കാരണങ്ങളാൽ നിർത്തിവയ്ക്കപ്പെട്ട കോവളം ടൂറിസ്റ്റ് ഏരിയയുടെ പുതിയ ജലവിതരണ ശൃംഖലയുടെ പ്രവൃത്തികൾ പുനരാരംഭിക്കുന്നതാണ്. മറ്റ് ആവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കുന്നതാണ്.

(5) മണിമല മേജർ കുടിവെള്ള പദ്ധതി

ഡോ. എൻ. ജയരാജ്: കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകൾക്ക് പ്രയോജനം ലഭിക്കുന്നതും ഭാഗീകമായി പൂർത്തീകരിച്ചതുമായ മണിമല മേജർ കുടിവെള്ള പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിനും പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി രണ്ടാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ശുദ്ധജല വിതരണം സാധ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): മണിമല കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചെങ്കിലും സ്ഥലം ലഭ്യമാകാതിരുന്നതുമൂലം പദ്ധതിക്ക് കാലതാമസമുണ്ടാകുകയും സ്ഥല ലഭ്യതയെത്തുടർന്ന് പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി നടപടികൾ പുരോഗമിച്ചുവരികയുമാണ്. പദ്ധതിയുടെ വിതരണ ശൃംഖല

സ്ഥാപിക്കുന്നതിന് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുകയും 294.9 കി.മീ. വിതരണശൃംഖലയിൽ 86.70 കി.മീ. ടെണ്ടർ ചെയ്ത് 60 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ആഗസ്റ്റ് മാസം പകുതിയോടെ പണികൾ പുനരാരംഭിച്ച് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഭരണാനുമതി നൽകിയ രണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജലവിതരണം നടത്താൻ സാധിക്കുന്നതാണ്. ടെണ്ടർ നടപടികൾ നിർത്തിവച്ച പ്രവൃത്തികൾക്ക് ഫണ്ട് കണ്ടെത്തി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(6) കരൾമാറ്റ ശസ്ത്രക്രിയ

ശ്രീ. പുരുഷൻ കടലുണ്ടി: കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിന് അനസ്തേഷ്യ വിഭാഗത്തിലും പാരാമെഡിക്കൽ വിഭാഗത്തിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. കരൾമാറ്റ ശസ്ത്രക്രിയാനന്തരം അണുബാധസാധ്യത കൂടുതലായതിനാൽ പ്രത്യേകം ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.സി.യു. എന്നിവ സ്ഥാപിക്കേണ്ടതും അണുബാധ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാക്കേണ്ടതുമാണ്. കോഴിക്കോട് മെഡിക്കൽ

കോളേജിൽ പി.എം.എസ്.എസ്.വൈ. പദ്ധതിയുടെ കീഴിൽ നിർമ്മിക്കുന്ന ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി കരൾമാറ്റ ശസ്ത്രക്രിയയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയും. ഇതിനാവശ്യമായ വിവിധ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഏകദേശം രണ്ടുകോടി മുപ്പത്തിയൊൻപത് ലക്ഷത്തോളം രൂപ ചെലവ് വരും. മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗത്തിൽപ്പെട്ട തൊണ്ണൂറിലധികം തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ ശിപാർശ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനവും ആവശ്യമായ തസ്തിക സൃഷ്ടിക്കലും നടത്തിക്കൊണ്ടുമാത്രമേ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കാൻ കഴിയുകയുള്ളൂ.

(7) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഒരു പുതിയ ലിഫ്റ്റ് സ്ഥാപിക്കുന്നതിനും നിലവിലുള്ള ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും കണ്ണ് രോഗ വിഭാഗത്തിലെ ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് റിപ്പയർ ചെയ്യുന്നതിനും ഇൻസിനറേറ്റർ, അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ, ജനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിനും ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പ്രത്യേക പരിഗണന നൽകിയിട്ടുള്ള കാസർഗോഡ് ജനറൽ ആശുപത്രിയിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് അവസാനിച്ചതുകൊണ്ടാണ് ലിഫ്റ്റ് റിപ്പയർ ചെയ്യാൻ സാധിക്കാതിരുന്നത്. ഇപ്പോൾ കരാർ പുതുക്കി ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. രക്തഘടകം വേർതിരിക്കുന്ന യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തിയതുപ്രകാരം എല്ലാ ഉപകരണങ്ങളും വാങ്ങുകയും എത്രയും വേഗം ജനറേറ്റർ ലഭ്യമാക്കുകയും ചെയ്യുന്നതാണ്. ബ്ലഡ് ബാങ്ക് ടെക്നീഷ്യനെയും ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാൻ ഡ്രൈവറെയും നിയമിക്കുകയും ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വാങ്ങുന്നതിന് ഫണ്ട് കൈമാറുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ തിയേറ്റർ, വെന്റിലേറ്റർ തുടങ്ങിയവ സജ്ജമാക്കുന്നതിനും ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും ഡി.എം.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മെറ്റേണിറ്റി യൂണിറ്റുകൾ നവീകരിക്കാനുള്ള പദ്ധതിയിൽ ഈ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തി കളർ ഡോപ്ലർ, അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ എന്നിവയടക്കം വാങ്ങുന്നതിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു റേഡിയോ

തെറാപ്പിസ്റ്റിന്റെ തസ്തിക അനുവദിച്ച് ഒഴിവ് നികത്തിയിട്ടുണ്ട്.

### (8) താമരശ്ശേരി ചുരം ബൈപ്പാസ് നിർമ്മാണം

ശ്രീ. ജോർജ് എം. തോമസ്: കോഴിക്കോട്-കൊല്ലഗൽ നാഷണൽ ഹൈവേയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ദേശീയ പാത 766-ന്റെ ഭാഗമായ താമരശ്ശേരി ചുരത്തിൽ ഗതാഗത സ്തംഭനമുണ്ടാകുന്ന സാഹചര്യത്തിൽ യാത്ര വളരെ ദുഷ്കരമാണ്. വനഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ദേശീയപാത വികസനം എളുപ്പമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത ബൈപ്പാസിനാവശ്യമായ ഇൻവെസ്റ്റിഗേഷനും വിശദമായ പദ്ധതി രൂപരേഖയും തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

### (9) വെള്ളൂർ എച്ച്.എൻ.എൽ. സ്വകാര്യവത്കരണം

ശ്രീമതി സി. കെ. ആശ: കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരിക്കുന്ന പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ എച്ച്.എൻ.എൽ. സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): വിദേശത്തുനിന്ന് പത്രക്കടലാസ് ഇറക്കുമതി ചെയ്യാൻ തുടങ്ങിയതുമുതൽ പ്രതിസന്ധിയിലായ എച്ച്.എൻ.എൽ.-നെ പൊതുമേഖലയിൽ നിലനിർത്താനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ഇറക്കുമതി ചുങ്കം എടുത്തുകളഞ്ഞതും ഉത്പാദനച്ചെലവിലെ വർദ്ധനവും കാലഹരണപ്പെട്ട യന്ത്രസാമഗ്രികളും വിലകുറഞ്ഞ ന്യൂസ് പ്രിന്റിന്റെ ലഭ്യതയും കമ്പനിയുടെ നിലനിൽപ്പിനെ ബാധിച്ചിട്ടുണ്ട്. എച്ച്.എൻ.എൽ.-ന്റെ വികസനത്തിനായി 450 കോടി രൂപയുടെ സഹായം ലഭ്യമാക്കണമെന്നും സ്വകാര്യവത്കരണം തടയണമെന്നും ഓഹരികൾ പൊതുമേഖലയിൽ നിലനിർത്തണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനുള്ള നിയമപരമായ സാധ്യതകൾ പരിശോധിക്കാനും സ്വകാര്യവത്കരണ നയത്തിനെതിരായ നിലപാട് സ്വീകരിക്കാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഈ സ്ഥാപനം ഏറ്റെടുക്കുന്നതിനായി ബിഡ്ഡിൽ പങ്കെടുക്കുന്നതിനുള്ള കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

(10) കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ

നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): 44.35 കോടി രൂപ ചെലവഴിച്ച് വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം നടത്തിയെങ്കിലും 80 ശതമാനം പൂർത്തിയായപ്പോൾ അനുവദനീയമായതിലും കൂടുതൽ അളവിൽ തിരയിളക്കം അനുഭവപ്പെട്ടതിനാൽ സി.ഡബ്ല്യു.പി.ആർ.എസ്. സൈറ്റ് പരിശോധിച്ച് പുതിയ മാതൃകാപഠനം നടത്തി തെക്കേ പുലിമുട്ടിന്റെ നീളം 750 മീറ്റർ വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശിച്ചു. 53.45 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചെങ്കിലും നാളിതുവരെ ഭരണാനുമതി ലഭിക്കാത്ത സാഹചര്യമാണുള്ളത്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വെള്ളയിൽ ഫിഷിംഗ് ഹാർബറിനായി 21.5 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യ ഘട്ടമായി പുലിമുട്ടുകളുടെ നീളം 390 മീറ്റർ വർദ്ധിപ്പിക്കുന്നതിന് 15.3 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചിരിക്കുകയാണ്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## V ധനകാര്യം

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ടുകളും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടു.

## VII റിപ്പോർട്ട് പരിഗണന

ശ്രീ. ഐ. ബി സതീഷ്: ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018 ഏപ്രിൽ 3-ന് സഭയിൽ സമർപ്പിച്ച ചട്ടങ്ങൾ സംബന്ധിച്ച സമിതി (2016-19)-യുടെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 2-ലെ " ടെലിഗ്രാമിന് പകരം അംഗങ്ങൾക്ക് അറിയിപ്പ് എസ്.എം.എസ്. ആയോ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയോ നൽകുന്നതിനായി ചട്ടം 3-ന് നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതിയിൽ സമൂഹമാധ്യമങ്ങളിലൂടെയും ഇപ്രകാരം അറിയിപ്പ് നൽകുന്നതിനുതകുമാറ് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. " എന്ന (i)-ാം നമ്പർ ശിപാർശ ഒഴിവാക്കുകയും മറ്റ് ശിപാർശകൾ പുനരക്കം ചെയ്യുകയും ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭ അംഗീകരിച്ചു.

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

1. 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്കുവേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: I move that " This House resolves to disapprove The APJ Abdul Kalam Technological University (Amendment) Ordinance, 2018 (Ordinance No. 25 of 2018)" . വിവിധ സർവ്വകലാശാലകളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഇരുനൂറോളം എഞ്ചിനീയറിംഗ് കോളേജുകളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഏകീകൃത സിലബസും ആഴത്തിലുള്ള ഗവേഷണവും നടത്തുന്നതിന് 2014-ൽ രൂപീകരിച്ച എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്ക് ഒരു ആസ്ഥാനം പോലും തുടങ്ങാനാകാത്തത് പരിതാപകരമായ അവസ്ഥയാണ്.

യു.ജി.സി. നിഷ്കർഷിക്കുന്നതുപോലെ ഒരു സർവ്വകലാശാലയ്ക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ 5 പഠന മേഖല ഉണ്ടായിരിക്കണമെന്ന മാനദണ്ഡം പാലിക്കാതെയാണ് ഇന്ന് ആ സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തെ കേന്ദ്ര സർക്കാരിന്റെ ധനസഹായ പദ്ധതികൾക്കുള്ള റാങ്കിംഗിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അദ്ധ്യാപക-അദ്ധ്യാപകേതര സംഘടനകളുടെ ഇടപെടലുകളിലൂടെ സർവ്വകലാശാലയുടെ നിലവാരം തകർക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. കാലാനുസൃതമായ കോഴ്സുകൾ ഉൾപ്പെടുത്തി വിപുലമായി ആരംഭിച്ച സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ അഴിച്ചുപണി നടത്തി വീണ്ടും പഴയ സമ്പ്രദായത്തിലേയ്ക്ക് മടക്കി കൊണ്ടുപോകാനുള്ള ശ്രമമാണ് നടത്തുന്നത്. കൃത്യസമയത്ത് പരീക്ഷ നടത്താതിരിക്കുകയും നടത്തുന്നതിന്റെ റിസൾട്ട് പുറത്ത് വിടാതിരിക്കുകയും കുട്ടികൾക്ക് സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാതിരിക്കുകയും ഇ-ഗവേണൻസ് വഴി സമയാസമയങ്ങളിൽ നടത്തിയിരുന്ന സേവനങ്ങൾ അവസാനിപ്പിക്കുകയുമാണ് ഈ ഭേദഗതി ബില്ലിലൂടെ വരാൻ പോകുന്നത്. സ്ഥിരം വി. സി.യെ നിയമിക്കാത്തതും വിദഗ്ധരെ ഉൾപ്പെടുത്തി ബോർഡ് രൂപീകരിക്കാത്തതും പരീക്ഷാ പേപ്പറുകൾ ചോരുന്നത് തടയാൻ സാധിക്കാത്തതും അശാസ്ത്രീയമായ സിലബസ് പരിഷ്കരണവും പരിതാപകരമാണ്. എ.ഐ.സി.ടി.ഇ.-യുടെ പ്രതിനിധിയെ സാങ്കേതിക ശാസ്ത്ര

സർവ്വകലാശാലയുടെ ഭരണസമിതിയിൽനിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിക്കണം. ബില്ലിന്റെ 23-ാം വകുപ്പിൽ 'മാനേജർ' എന്നതിനുപകരം പരാമർശിക്കപ്പെട്ടിട്ടുള്ള 'മേധാവി' ആരാണെന്നതിന് വ്യക്തത വരുത്തണം. 23-ാം വകുപ്പിന്റെ (iv)-ാം ഉപവകുപ്പിലെ 'രണ്ട് ശാസ്ത്രവിഭാഗം വിദ്യാഭ്യാസ വിചക്ഷണർ' എന്നത് 'വിദ്യാഭ്യാസ വിചക്ഷണർ' എന്നാക്കി മാറ്റിയ നടപടി പുന:പരിശോധിക്കണം. 27-ാം വകുപ്പിലെ (xiii)-ാം ഉപവകുപ്പിലെ 'ബോർഡ് ഓഫ് ഗവർണേഴ്സിലെ സ്വകാര്യ കോളേജ് മാനേജർമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം' എന്നത് 'മാനേജർ അല്ലെങ്കിൽ വകുപ്പ് മേധാവികൾ' എന്നതാക്കി മാറ്റിയ നടപടി പുന:പരിശോധിക്കണം. ബില്ലിലെ 23-ാം വകുപ്പിലെ (vii)-ാം ഉപവകുപ്പിൽ 'അനദ്ധ്യാപക ജീവനക്കാരെ സർക്കാർ നാമനിർദ്ദേശം ചെയ്യും' എന്നത് 'സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരിൽ ഒരാൾ' എന്നാക്കി മാറ്റിയിരിക്കുകയാണ്. ഈ ഭേദഗതി ബിൽ കേരളത്തിലെ ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്ക് തടസ്സം നിൽക്കുമെന്നതിനാൽ പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ആവശ്യപ്പെടുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കി മാറ്റുന്നതിനും ശാസ്ത്ര സാങ്കേതിക മേഖലകളിൽ നേട്ടങ്ങളുണ്ടാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് എ.പി.ജെ.

അബ്ദുൾ കലാമിന്റെ പേരിൽ സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നിയമം 2015-ൽ അവതരിപ്പിച്ചത്. പ്രസ്തുത നിയമത്തിന് അടിസ്ഥാനപരമായി മികവ് നൽകുന്ന ഭേദഗതികളൊന്നും കൊണ്ടുവന്നിട്ടില്ല. സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്ക് വിദ്യാഭ്യാസ മുന്നേറ്റമുണ്ടാക്കാൻ സാധിക്കത്തക്ക രീതിയിലുള്ള കാതലായ പരിഷ്കാരങ്ങളൊന്നും ഭേദഗതി ബില്ലിൽ വിഭാവന ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത ബിൽ നിരാകരിക്കണം.

ശ്രീ. പി. ഉണ്ണിക്കുവേണ്ടി <u>ശ്രീ. ടി. വി. രാജേഷ്</u> : 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് എ.പി.ജെ. അബ്ദുൾകലാമിന്റെ പേരിൽ സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സ്ഥാപിക്കുന്നതിനായി 2015-ൽ ബിൽ കൊണ്ടുവന്നതെങ്കിലും ലക്ഷ്യം കൈവരിക്കാനായില്ല. അതുകൊണ്ടാണ് ഈ ഭേദഗതി ബില്ലിലൂടെ അനിവാര്യമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. സർവ്വകലാശാലയെ കൂടുതൽ ജനാധിപത്യവത്കരിക്കാനും നിലവാരം മെച്ചപ്പെടുത്താനുമുതകുന്ന രീതിയിലുള്ള ഭേദഗതികളാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഏറ്റവും മികച്ച സിലബസ് നടപ്പാക്കുകയെന്ന

ലക്ഷ്യത്തോടെയാണ് ഇത്തരത്തിലൊരു മാറ്റം കൊണ്ടുവരുന്നത്. സർവ്വകലാശാലയിലെ സാമ്പത്തിക തിരിമറികൾ തടയുന്നതിനുള്ള ഫലപ്രദമായ സംവിധാനമെന്ന നിലയിൽ ധനകാര്യ സമിതിയും പ്രവർത്തനങ്ങൾ ശരിയായ വിധത്തിൽ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആസൂത്രണ സമിതിയും വിഭാവനം ചെയ്യുന്നുണ്ട്. സർവ്വകലാശാലയുടെ ഭരണസമിതിയിൽ വിദ്യാർത്ഥി പ്രതിനിധികൾക്ക് പ്രാതിനിധ്യം നൽകുന്നതിനും വിവിധ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളത്തിന്റെ സാമൂഹ്യ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള മാറ്റങ്ങളാണ് ഭേദഗതിയിലൂടെ വരുത്തുന്നത്. സ്വകാര്യ സ്വാശ്രയ കോളേജ് പ്രതിനിധികൾക്ക് മുൻഗണന നൽകിയിരുന്ന ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഘടനയിൽ കാര്യമായ മാറ്റം വരുത്താൻ ഈ ഭേദഗതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ബോർഡ് ഓഫ് ഗവർണേഴ്സിൽ മികച്ച അക്കാദമിക് നിലവാരവും അനുഭവസമ്പത്തുമുള്ളവരെ ഉൾപ്പെടുത്തുന്നതിനും വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പ്രാതിനിധ്യം നൽകുന്നതിനുമുള്ള തീരുമാനം അഭിനന്ദനാർഹവും അനദ്ധ്യാപക ജീവനക്കാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തിയ നടപടി തികച്ചും ഉചിതവുമാണ്. മറ്റു സർവ്വകലാശാലകളിൽ യു.ജി.സി. പ്രതിനിധി ഇല്ലെന്നിരിക്കെ സാങ്കേതിക സർവ്വകലാശാലയിൽ എ.ഐ.സി.ടി.ഇ. പ്രതിനിധിയെ ഉൾപ്പെടുത്തണമെന്നു പറയുന്നതിൽ യാതൊരു

സാംഗത്യവുമില്ല. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് കുത്തഴിഞ്ഞ അവസ്ഥയിലായിരുന്ന സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ പുതിയ പരിഷ്കാരങ്ങളിലൂടെ സാധിക്കും. സർവ്വകലാശാലയുടെ ഉന്നമനത്തിന് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനകൾ കൂടുതൽ ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കാൻ തയ്യാറാകണം. മറ്റു സർവ്വകലാശാലകളിൽ ഇല്ലാത്ത അനാവശ്യ തസ്തികകൾ ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും നടപടിയുണ്ടാകണം. മൗലികമായ മാറ്റങ്ങൾക്കുപകരം ഭരണപരമായ കാര്യങ്ങൾ നിറവേറ്റുന്നതിനാണ് സർക്കാർ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. പ്രോ-വൈസ് ചാൻസലറുടെ പുനർനിയമനത്തിന്റെ കാര്യത്തിൽ നിയമവ്യവസ്ഥയിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല. പെർമനന്റ്

അഫിലിയേഷനുള്ള നിബന്ധനകൾ യാഥാർത്ഥ്യബോധമില്ലാത്തതാണ്. എ.ഐ.സി.ടി.ഇ. പ്രതിനിധിയെ ഒഴിവാക്കിയ നടപടി പുനരാലോചിക്കണം. എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തി മികവുറ്റ എഞ്ചിനീയർമാരെ സൃഷ്ടിച്ചെടുക്കുകയാണ് വേണ്ടത്. ജെ.റ്റി.എസ്, ഐ.റ്റി.ഐ., പോളിടെക്നിക്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന വിദഗ്ദ്ധരായ കുട്ടികൾക്ക് ഈ മേഖലയിൽ തുടർന്നു പഠിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കണം. എല്ലാ കോളേജുകളേയും ഒരു പ്രൊഡക്ഷൻ സെന്ററാക്കുന്ന തരത്തിലുള്ള പ്രവർത്തനമാണ് നടത്തേണ്ടത്. ദേശീയ ശരാശരിയിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം വളരെ പിറകിലാണ്. എഞ്ചിനീയറിംഗ് രംഗത്ത് വേണ്ടത്ര വൈദഗ്ദ്ധ്യം പുലർത്താൻ സർവ്വകലാശാലകൾക്ക് കഴിയുന്നില്ല. ഒരു സർവ്വകലാശാല പ്രവർത്തിക്കേണ്ടത് വരും തലമുറയ്ക്ക് പ്രയോജനപ്രദമാകുന്ന രീതിയിലായിരിക്കണം. സർവ്വകാലാശാലകൾ പലതും പരീക്ഷയ്ക്ക് മാത്രമാണ് പ്രാധാന്യം കൊടുക്കുന്നത്. സർവ്വകലാശാലകൾ നന്നായി പ്രവർത്തിച്ചാൽ കേരളത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. ശാസ്ത്ര-സാങ്കേതികവിദ്യയുടെ പുരോഗതി മനുഷ്യ നന്മയ്ക്ക് ഉപയോഗപ്പെടണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ലോക

നിലവാരത്തിലെത്തിക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ അദ്ധ്യയന നിലവാരം ഉയർത്തി അവയെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഗവേഷണ മേഖലയെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് എത്തിക്കുകയാണ് ഈ സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യം. സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ നിലനിന്നിരുന്ന പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യൻ റാങ്കിംഗിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് എഴുപത്തിയഞ്ചാം സ്ഥാനത്തും കേരള സർവ്വകലാശാല മുപ്പതാം സ്ഥാനത്തുമാണ്. ജനകീയത വർദ്ധിപ്പിച്ചും അക്കാദമിക് തലത്തിന്റെ നവീകരണത്തിലൂടെയും സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയെ ലോകനിലവാരത്തിൽ എത്തിക്കുന്നതിനാവശ്യമായ ചില ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. വിളപ്പിൽശാലയിൽ സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ആസ്ഥാനം കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിതം, സ്വാശ്രയം എന്ന രീതിയിലുള്ള ശാസ്ത്രീയ കാഴ്ചപ്പാടുണ്ടാകണം. സിലബസ് പരിഷ്കരിക്കുന്നതിന് പുതിയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്യു.

2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2018-ലെ അബ്കാരി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): 2018-ലെ അബ്കാരി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ചെയർമാൻ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): 2018-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ടി. ബൽറാം: I move that- “ This House resolves to disapprove The Abkari (Amendment) Ordinance, 2018 (Ordinance No.20

of 2018)” . കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ മദ്യനയം ഈ സർക്കാർ അട്ടിമറിച്ചിരിക്കുകയാണ്. മുൻ സർക്കാർ അടച്ചുപൂട്ടിയ ബാറുകൾ തുറക്കില്ലെന്ന സർക്കാരിന്റെ വാഗ്ദാനം ലംഘിക്കപ്പെട്ടിരിക്കുകയാണ്. മദ്യശാലകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് നൽകിയിരുന്ന അധികാരം കവർന്നെടുത്തിരിക്കുകയാണ്. ബിവറേജസ് ഔട്ട്‌ലെറ്റുകൾ കുറച്ചുകൊണ്ടുവരുമെന്ന് പ്രഖ്യാപിക്കുകയും എല്ലാവിധ സൗകര്യങ്ങളോടുംകൂടി ജനവാസ മേഖലയിൽ കൂടുതൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ദൂരപരിധി കുറച്ചുകൊണ്ട് വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും സമീപത്ത് മദ്യവിൽപ്പനശാലകൾ ആരംഭിക്കാനും പതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരപ്രദേശങ്ങളായി പരിഗണിച്ച് കേരളത്തിലെമ്പാടും ബാറുകൾ ആരംഭിക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യ വർജ്ജനമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം പരാജയപ്പെട്ട സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സർക്കാർ ധവളപത്രം പുറപ്പെടുവിക്കണം. മദ്യഉപഭോഗം സംബന്ധിച്ച് ബോധവത്കരണം നടത്തുകയും അതുമൂലമുണ്ടാകുന്ന റോഡപകടങ്ങൾക്കെതിരെ കർശന നിലപാട് സ്വീകരിക്കുകയും ചെയ്യണം. മദ്യം ഉപയോഗിക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 23 വയസ്സായി ഉയർത്തുന്നതോടൊപ്പം ഇതുമൂലമുണ്ടാകുന്ന ആരോഗ്യ/കുടുംബ പ്രശ്നങ്ങൾ,

കുറ്റകൃത്യങ്ങളിലും മാഫിയ പ്രവർത്തനങ്ങളിലുമുള്ള മദ്യത്തിന്റെ സ്വാധീനം എന്നിവകൂടി കണക്കിലെടുത്ത് സമഗ്രമായൊരു നയം രൂപീകരിക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. മദ്യം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള വാങ്ങുന്നതിനുമുള്ള പ്രായപരിധി 21 വയസ്സിൽനിന്നും 23 വയസ്സായി ഉയർത്തുന്നതിനും അതിന് താഴെയുള്ളവർക്ക് മദ്യ വിൽപ്പന നടത്തുന്നത് നിരോധിക്കാനുമുള്ള ഭേദഗതി ബില്ലാണ് സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനത്ത് മദ്യവ്യാപനം കുറയ്ക്കുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പിലാക്കുന്നതിനുപകരം പുതിയ ബാറുകൾക്ക് ലൈസൻസ് നൽകുകയാണുണ്ടായത്. മദ്യശാലകൾ ആരംഭിക്കുന്നതിനുള്ള ദൂരപരിധി വിദ്യാലയങ്ങളുടെ ചുറ്റളവിൽ 50 മീറ്ററായും ബാറുകൾ തമ്മിലുള്ള അകലം 200 മീറ്ററായും ചുരുക്കിയതിലൂടെ വിദ്യാർത്ഥികളിലും സമൂഹത്തിലും മദ്യഉപയോഗം വർദ്ധിച്ചിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ ഘട്ടംഘട്ടമായി ഏർപ്പെടുത്തിയ മദ്യനിരോധനം അട്ടിമറിച്ച് മദ്യലോബിയെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. താരതമ്യേന ഹാനികരമല്ലാത്ത സ്റ്റാർച്ച് മദ്യത്തിൽ കലർത്തുന്നതിനുള്ള ശിക്ഷ ലഘൂകരിച്ച്, രാജിയാക്കാവുന്ന കുറ്റമായി വ്യവസ്ഥ ചെയ്യുന്നതിലൂടെ മദ്യത്തിൽ മായം ചേർക്കുന്ന നിലപാട് പ്രോത്സാഹിപ്പിക്കപ്പെടുകയാണ്. മദ്യവ്യാപനത്തിലൂടെ സമൂഹത്തിൽ

കുറ്റകൃത്യങ്ങളും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും റോഡപകടങ്ങളും മാരകമായ രോഗങ്ങളും വർദ്ധിച്ചുവരികയാണ്. മദ്യത്തിന് അടിമപ്പെടുന്ന സാധാരണക്കാരായ ജനങ്ങളെയും കുടുംബങ്ങളെയും ചൂഷണം ചെയ്യുന്ന നിലപാടാണ് ഈ ഭേദഗതി ബില്ലിലൂടെ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. മദ്യശാലകൾ അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും ബാറുകൾ അടച്ചുപൂട്ടുന്നതിനും ബിവറേജസ് കോർപ്പറേഷൻ ഔട്ട്‌ലെറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിനുമുള്ള മുൻ സർക്കാരിന്റെ തീരുമാനങ്ങൾ ഇല്ലാതാക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. വ്യാപകമായി മദ്യശാലകൾ അനുവദിക്കുന്ന നടപടിയിൽനിന്നും സർക്കാർ പിൻതിരിയണം.

<u>ശ്രീ. സി. കൃഷ്ണൻ:</u> 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ ഭേദഗതി ബിൽ സർക്കാർ കൊണ്ടുവന്നിട്ടുള്ളത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്നതായി രേഖകൾ വ്യക്തമാക്കുന്ന സാഹചര്യത്തിൽ മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുകയും മദ്യത്തിനെതിരായ ബോധവത്കരണം ശക്തിപ്പെടുത്തുകയും വേണം. എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കാനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എട്ട് മുതൽ

പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കാനും സെമിനാറുകളും മറ്റും സംഘടിപ്പിക്കാനുമുള്ള തീരുമാനം ശ്ലാഘനീയമാണ്. യുവതലമുറയെ മദ്യാസക്തിയിൽനിന്ന് മോചിപ്പിക്കുന്നതിനുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വില്പന നടത്തുന്ന കള്ളിൽ സ്റ്റാർച്ചിന്റെ അംശം കൂടുതലുണ്ടെങ്കിൽ അത് പിടിച്ചെടുക്കാനും കഠിനമായ ശിക്ഷ നൽകാനുമുള്ള നിയമത്തിലെ വ്യവസ്ഥ പരിമിതപ്പെടുത്താനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. കള്ള് വ്യവസായം സംരക്ഷിക്കുന്നതോടൊപ്പം ശുദ്ധമായ കള്ള് ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കാനും തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ടോഡി ബോർഡ് നയം നടപ്പിലാക്കാനും കഴിയണം. മദ്യം കൈവശം വയ്ക്കുന്നവരുടെയും ഉപയോഗിക്കുന്നവരുടെയും ഏറ്റവും കുറഞ്ഞ പ്രായപരിധി 21-ൽ നിന്നും 23 വയസ്സായി ഉയർത്തിയത് സ്വാഗതാർഹമാണ്. ഇതിലൂടെ മദ്യ ഉപയോഗം കുറച്ചുകൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> 2018-ലെ അബ്കാരി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അബ്കാരി നിയമവുമായി ബന്ധപ്പെട്ട് സർക്കാർ നിരവധി ബില്ലുകൾ സഭയിൽ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും അവയൊന്നും ഈ മേഖലയിലുള്ളവരെ

സഹായിക്കാൻ വേണ്ടിയുള്ളതായിരുന്നില്ല. യു.ഡി.എഫ്. ഭരണകാലത്ത് അടച്ചുപൂട്ടിയ ബാറുകൾ ഈ സർക്കാർ തുറക്കുകയും നിലവിലുണ്ടായിരുന്ന പല നിയമങ്ങളും ഇല്ലാതാക്കി പുതിയ നിയമങ്ങൾ കൊണ്ടുവരികയുമാണ് ചെയ്യുന്നത്. സ്കൂൾ, കോളേജ്, ആരാധനാലയങ്ങൾ എന്നിവയുടെ 200 മീറ്റർ ദൂരപരിധിക്കുശേഷം മാത്രമേ മദ്യവില്പന നടത്താവൂ എന്നുള്ളത് 50 മീറ്ററായി ചുരുക്കുകയും ഓരോ സ്ഥലങ്ങളിലും ബാർ/ബിവറേജസ് ഔട്ട്ലെറ്റുകൾ അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന അധികാരം ഇല്ലാതാക്കുകയും ചെയ്തു. 86 ബാറുകൾ തുറക്കുകയും എല്ലാ ജില്ലകളിലും പുതിയതായി ബാർ ലൈസൻസ് നൽകുകയും ചെയ്തിരിക്കുകയാണ്. പാലക്കാട്-ചിറ്റൂർ, കുട്ടനാടൻ മേഖലകളിൽ കള്ള് ചെത്തുന്നുണ്ടെങ്കിലും കേരളത്തിലെ കള്ളുഷാപ്പുകളിൽ കൊടുക്കാനാവശ്യമായ ശുദ്ധമായ കള്ള് ലഭ്യമാകാത്തതിനാൽ മായം ചേർത്ത കള്ളാണ് വിൽപ്പന നടത്തുന്നത്. ഇതിന് 5 വർഷംവരെ തടവും പിഴയും ലഭിക്കുമായിരുന്ന സ്ഥാനത്ത് ഇപ്പോൾ 25,000/- രൂപയായി ശിക്ഷ ചുരുക്കിയതിലൂടെ വ്യാജ കള്ള് വിൽപ്പന നടത്തി മുതലാളിമാർ ലാഭമുണ്ടാക്കുകയും കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മാസവരുമാനം ഇല്ലാതാകുകയും ചെയ്യുമെന്നതിനാൽ ഇത് പരിശോധിക്കണം. മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21-ൽ നിന്നും 23 വയസ്സായി വർദ്ധിപ്പിച്ചത് പ്രാവർത്തികമാക്കാനും നിയമം ലംഘിക്കുന്നവർക്കെതിരെ നടപടി

സ്വീകരിക്കാനും തയ്യാറാകണം. എല്ലായിടത്തും മദ്യഷാപ്പുകൾ തുറക്കുന്നതിനോടും മദ്യത്തിൽ സ്റ്റാർച്ച് ചേർത്താൽ 25,000 രൂപ മാത്രം പിഴ ഈടാക്കുമെന്ന ബില്ലിലെ വ്യവസ്ഥയോടും യോജിക്കാൻ കഴിയില്ല. കള്ള് ഷാപ്പുകളിൽ എക്സൈസ് പരിശോധന കൃത്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): മദ്യം, മാരകമായ ലഹരി മരുന്നുപയോഗം എന്നിവയിൽനിന്ന് യുവതലമുറയെ മോചിപ്പിക്കുന്നതിനാണ് മദ്യം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള പ്രായപരിധി 21-ൽനിന്ന് 23 വയസ്സായി വർദ്ധിപ്പിക്കുന്നതിന് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇത് നിയമത്തിന്റെ ഭാഗമായി നടപ്പാക്കാൻ കഴിയില്ല. ബോധവത്കരണത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. കള്ളിന്റെ അളവ് കൂട്ടുന്നതിനാണ് സ്റ്റാർച്ച് ചേർക്കുന്നത്. ഒരു ഗ്രൂപ്പിലെ ഏതെങ്കിലും ഷാപ്പിൽ സ്റ്റാർച്ചിന്റെ ഉപയോഗം കണ്ടെത്തിയാൽ ആ ഷാപ്പ് മാത്രം പൂട്ടുകയും 25,000 രൂപ പിഴ ഈടാക്കുകയും ചെയ്യുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. തെങ്ങിൽനിന്നും പനയിൽനിന്നുമല്ലാതെ കൃത്രിമമായ കള്ളുത്പാദനവും വിതരണവും തടയുന്നതിനാണ് ശിക്ഷാ നടപടികളിൽ മാറ്റം വരുത്തുന്നത്. എൽ.ഡി.എഫ്. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയുടെ അടിസ്ഥാനത്തിലാണ് മദ്യനയം രൂപപ്പെടുത്തിയത്. മദ്യവർജ്ജനത്തിന് പ്രാമുഖ്യം നൽകുന്ന

സമീപനമാണ് ഈ നയത്തിലുള്ളത്. നേരത്തെയുണ്ടായിരുന്നതിൽനിന്നും കൂടുതലായി ഒരു ഷാപ്പിനുപോലും അനുമതി നൽകിയിട്ടില്ല. ബിവറേജസ് ഔട്ട്‌ലെറ്റുകളുടെയോ കൺസ്യൂമർ ഫെഡ് ഔട്ട്‌ലെറ്റുകളുടെയോ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് പൂട്ടിയ 10 ശതമാനം ഷാപ്പുകളിൽ ഒരു ഷാപ്പുപോലും ഈ ഗവൺമെന്റ് തുറന്നിട്ടില്ല. തുറന്നിട്ടുണ്ടെന്ന് പരാതി വന്നാൽ പരിശോധിക്കുന്നതാണ്. കള്ളുഷാപ്പുകൾ, ബിവറേജസ് ഔട്ട്‌ലെറ്റുകൾ, കൺസ്യൂമർ ഫെഡിന്റെ ഔട്ട്‌ലെറ്റുകൾ, ത്രീസ്റ്റാർ വരെയുള്ള ബാർ ഹോട്ടലുകൾ എന്നിവയ്ക്ക് ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും 200 മീറ്റർ ദൂരപരിധി വേണമെന്ന നിയമത്തിൽ മാറ്റം വരുത്തിയിട്ടില്ല. ഫോർ സ്റ്റാർ മുതലുള്ള ഹോട്ടലുകൾക്കാണ് ദൂരപരിധി 50 മീറ്ററായി കുറച്ചത്. എക്സൈസ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനും പഞ്ചായത്ത്/വാർഡ്/അയൽക്കൂട്ടം തലങ്ങളിൽ ലഹരി വർജ്ജനം ലക്ഷ്യമാക്കി 'വിമുക്തി' സമിതികൾ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെയും റെസിഡൻസ് അസോസിയേഷനുകളുടെയും സഹകരണത്തോടെ സംസ്ഥാനത്ത് ലഹരി വർജ്ജനം നടപ്പിലാക്കുന്നതാണ്. എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ കോഴിക്കോട് കിനാലൂരിൽ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ചികിത്സയും പുനരധിവാസവും തൊഴിലും ഉൾപ്പെടെയുള്ള പാക്കേജിന് രൂപം നൽകിക്കൊണ്ടാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2018-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(iii) 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: I move that- " This House resolves to disapprove The Kerala High Court (Amendment) Ordinance, 2018 (Ordinance No.22 of 2018)." ഒരു ലക്ഷം രൂപ വരെയുള്ള വ്യവഹാരങ്ങളുടെ അപ്പീൽ ഹൈക്കോടതി സിംഗിൾ ബഞ്ചും അതിനുമുകളിലുള്ളത് ഡിവിഷൻ ബഞ്ചും കേൾക്കണമെന്നാണ് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. മോട്ടോർ ആക്സിഡന്റ് ട്രിബ്യൂണലിന്റെ അവാർഡുകളിൽ മൂല്യം കണക്കിലെടുക്കാതെ അപ്പീൽ കേൾക്കാൻ സിംഗിൾ ബെഞ്ചിനെ അധികാരപ്പെടുത്തണമെന്ന മാറ്റം കാലോചിതമാണ്. 2013-ൽ മുൻസിഫ് കോടതിയിൽ പരിഹരിക്കാവുന്ന വിഷയ വസ്തുവിന്റെ മൂല്യം ഒരു ലക്ഷം രൂപയിൽനിന്ന് 10 ലക്ഷം രൂപയായും സബോർഡിനേറ്റ് ജഡ്ജസ് കോടതിയുടെയും ജില്ലാ കോടതിയുടെയും ആർത്ഥികാധികാരിത രണ്ട് ലക്ഷം

രൂപയിൽനിന്ന് ഇരുപത് ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. എന്നാൽ ഹൈക്കോടതി സിംഗിൾ ബഞ്ച് ജഡ്ജിയുടെ ആർത്ഥികാധികാരിത വർദ്ധിപ്പിച്ചിരുന്നില്ല. പ്രസ്തുത അനോമലി ഈ ഭേദഗതിയിലൂടെ പരിഹരിക്കപ്പെട്ടും. നിലവിലുള്ള കാലപ്പഴക്കം ചെന്ന നിയമസംഹിതയായ സിആർ.പി.സി.-യിൽ മാറ്റം വരുത്താതെ സംസ്ഥാന തലത്തിൽ ചില റൂളുകളിൽ കാലോചിതമായ മാറ്റം വരുത്തിയാൽ തപാൽ സംവിധാനത്തെ അടിസ്ഥാനപ്പെടുത്തി കോടതി പ്രവർത്തനങ്ങളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ കഴിയും. അതിനാവശ്യമായ നടപടി സ്വീകരിക്കണം. ഹൈക്കോടതി ചീഫ് ജസ്റ്റിസായ കെ. എം. ജോസഫിനെ സുപ്രീം കോടതി ജഡ്ജിയാക്കണമെന്ന കൊളീജിയത്തിന്റെ തീരുമാനം നടപ്പിലാക്കാത്ത കേന്ദ്ര ഗവൺമെന്റ് നിലപാട് ഇന്ത്യൻ ജുഡീഷ്യറിയോടുള്ള കടുത്ത വെല്ലുവിളിയാണ്. ഇന്ത്യയുടെ പരമോന്നത നീതിപീഠം ഫാസിസ്റ്റുകളുടെ കൈപ്പിടിയിലാണെന്നും കോടതി വിധികളിൽ ഭരണകൂടങ്ങളുടെ കടന്നാക്രമണമുണ്ടാകുന്നുവെന്നുമുള്ള സീനിയർ ജഡ്ജിമാരുടെ വിമർശനങ്ങളും വിവാദപരാമർശങ്ങളും ഗൗരവമായി പരിഗണിക്കണം. ഹൈക്കോടതി നിർദ്ദേശപ്രകാരം സിംഗിൾ ബഞ്ച് ജഡ്ജിയുടെ അപ്പീൽ ആർത്ഥികാധികാരിത ഒരു ലക്ഷം രൂപയിൽ നിന്നും നാല്പതു ലക്ഷം രൂപയായി വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യാൻ ബുദ്ധിമുട്ടുള്ള നിയമപദപ്രയോഗങ്ങൾ

ഇംഗ്ലീഷ് ഭാഷയിൽ തന്നെ ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. റോജി എം. ജോൺ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കോടതികളുടെ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള സാങ്കേതികത്വവും അനോമലിയും പരിഹരിക്കുന്നതിനായി കൊണ്ടുവന്ന ബില്ലാണിത്. സെഷൻസ്/മജിസ്ട്രേറ്റ് കോടതികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പെന്റിംഗ് കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനും ക്രിമിനൽ കേസ്സുകളിലെ സമൻസും വാറണ്ടും നടപ്പിലാക്കുന്നതിൽ പോലീസ് വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ച പരിഹരിക്കുന്നതിനും നീതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. എൻ. ഷംസീർ: 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിവിധ കോടതികളിലായി കെട്ടിക്കിടക്കുന്ന ലക്ഷക്കണക്കിന് കേസുകളിന്മേൽ ഒരു പരിധിവരെ തീർപ്പുകൽപ്പിക്കാൻ ഈ ബിൽ പ്രാബല്യത്തിൽ വരുന്നതിലൂടെ സാധിക്കും. ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിന് 460 ക്ലറിക്കൽ തസ്തിക സൃഷ്ടിച്ചതും ജുഡീഷ്യൽ ഓഫീസർമാരുടെ പെൻഷനും കമ്മ്യൂട്ടേഷനും സംസ്ഥാന സർക്കാരിന് തുല്യമാക്കിയതും സ്പെഷ്യൽ പേ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ച് ഉത്തരവിറക്കിയതും ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗാർത്ഥം

പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചതും അഭിനന്ദനമർഹിക്കുന്നു. ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അദാലത്തുകൾ വിപുലമാക്കിക്കൊണ്ട് അദ്ധ്വാനഭാരം കുറച്ചതും അഭിഭാഷക ക്ഷേമനിധിയും ചികിത്സാനുകൂല്യവും വർദ്ധിപ്പിച്ചതും പുതിയതായി എൻറോൾ ചെയ്യുന്ന അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് ഏർപ്പെടുത്തിയതും പോക്സോ കേസുകളിൽ സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിച്ചതും കോടതിഭാഷ മലയാളമാക്കി മാറ്റിക്കൊണ്ട് ട്രാൻസലേറ്റർമാരുടെ തസ്തിക സൃഷ്ടിച്ചതും അഭിഭാഷക ക്ലാർക്കുമാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഡിവിഷൻ ബെഞ്ചുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ ആധിക്യം കുറയ്ക്കുന്നതിനും മോട്ടോർ ആക്സിഡന്റ് ക്ലെയിമിന്റെ ആശ്വാസം വേഗത്തിൽ ലഭ്യമാക്കുന്നതിനും ഈ ഭേദഗതി സഹായകമാകും. അഭിഭാഷകരുടെ ക്ഷേമനിധി 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതും ചികിത്സാ സഹായം ഒരു ലക്ഷം രൂപയാക്കി ഉയർത്തിയതും അഭിഭാഷക ക്ലാർക്കുമാരുടെ ആനുകൂല്യം വർദ്ധിപ്പിച്ചതും ജൂനിയർ അഭിഭാഷകർക്ക് 5000 രൂപ സ്റ്റൈപ്പന്റ് ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്. സംശയത്തിനതീതമായ ഒരു നിയമവ്യവസ്ഥ രാജ്യത്തുണ്ടാകണം എന്ന ലക്ഷ്യത്തോടെയാണ് സുപ്രീം

കോടതിയെ പരമോന്നത കോടതിയാക്കി മാറ്റുന്നതിനുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. അമിത സുരക്ഷിതത്വം ജുഡിഷ്യൽ ഓഫീസർമാരെ അധികാരത്തിന്റെ അന്ധതയിലേയ്ക്ക് നയിക്കുന്നുണ്ടോയെന്നുള്ളത് പരിശോധിക്കണം. ലെജിസ്ലേച്ചറിനും എക്സിക്യൂട്ടീവിനും ബാധകമല്ലാത്ത സംരക്ഷണം ജുഡീഷ്യറിക്ക് മാത്രം ബാധകമാകുന്നതിന്റെ യുക്തി സമൂഹത്തിൽ ചർച്ച ചെയ്യപ്പെടണം. ജനങ്ങൾക്ക് നീതി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനാണ് ഈ ഭേദഗതിയിലൂടെ ശ്രമിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരള ഹൈക്കോടതിയുടെ വിവിധ ചുമതലകളും അധികാരങ്ങളും നടപടിക്രമങ്ങളും പ്രതിപാദിക്കുന്നതിനുവേണ്ടിയാണ് 1958-ൽ കേരള ഹൈക്കോടതി ആക്ട് പാസ്സാക്കിയതും 1959-ൽ പ്രാബല്യത്തിൽ വന്നതും. ഹൈക്കോടതിയിലെ സിംഗിൾ ബഞ്ചിന്റെയും ഡിവിഷൻ ബഞ്ചിന്റെയും അധികാരങ്ങൾ നിയമത്തിന്റെ 3-ഉം 4-ഉം വകുപ്പുകളിലാണ് വ്യവസ്ഥ ചെയ്യുന്നത്. നിയമപ്രകാരം ഡിക്രിയിൽ ഉൾപ്പെട്ട വിഷയ വസ്തുവിന്റെ മൂല്യം ഒരു ലക്ഷം രൂപയിൽ താഴെ വരുന്ന കേസ്സുകളിൽ സിംഗിൾ ബഞ്ച് ജഡ്ജി കീഴ്കോടതികളിൽ നിന്നുള്ള അപ്പീലുകൾ കേൾക്കുകയും വിഷയ വസ്തുവിന്റെ മൂല്യം ഒരു ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം ഡിവിഷൻ ബഞ്ചുമാണ്

കേൾക്കുന്നത്. വിഷയവസ്തുവിന്റെ മൂല്യം ഒരു ലക്ഷം രൂപയിൽ താഴെവരുന്ന കേസ്സുകളുടെ എണ്ണം കുറവായതിനാൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ജോലിഭാരം വർദ്ധിക്കുകയും സിംഗിൾ ബെഞ്ചിൽ പരിഗണിക്കാവുന്ന അപ്പീലുകളുടെ എണ്ണം കുറയുകയും ചെയ്തു. 1957-ലെ കേരള സിവിൽ കോടതി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം മുൻസിഫിന്റെ പെക്യൂനിയറി ജ്യൂറിസ്ഡിക്ഷൻ ഒരു ലക്ഷം രൂപയും ജില്ലാ കോടതിയുടെ അപ്പീൽ കേൾക്കുന്നതിനുള്ള പെക്യൂനിയറി ജ്യൂറിസ്ഡിക്ഷൻ രണ്ടു ലക്ഷം രൂപയുമായിരുന്നു. 06-05-2013-ൽ സിവിൽ കോടതി ആക്ട് ഭേദഗതി വരുത്തിയ ഘട്ടത്തിൽത്തന്നെ ഹൈക്കോടതി ആക്ടും ഭേദഗതി വരുത്തേണ്ടതായിരുന്നു. ഈ സാഹചര്യത്തിലാണ് ഇത്തരമൊരു ഓർഡിനൻസ് കൊണ്ടുവരാൻ ഗവൺമെന്റ് നിർബന്ധിതമായത്. മുൻസിഫിന്റെ പെക്യൂനിയറി ജ്യൂറിസ്ഡിക്ഷൻ 10 ലക്ഷം രൂപയായും ജില്ലാ കോടതിയുടേത് 20 ലക്ഷം രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ അപ്പീലുകളുടെ കാര്യത്തിൽ ഹൈക്കോടതി സിംഗിൾ ബഞ്ചിനുള്ള പെക്യൂനിയറി അധികാരം കീഴ്ക്കോടതികളുടെ പെക്യൂനിയറി അധികാരത്തേക്കാൾ താഴെയാവുകയും ആയത് വർദ്ധിപ്പിക്കുന്ന ഭേദഗതി അവതരിപ്പിക്കേണ്ട അടിയന്തര സാഹചര്യം സംജാതമാവുകയുമാണുണ്ടായത്. സിവിൽ കേസുകളിലെ ഹൈക്കോടതി സിംഗിൾ ജഡ്ജിയുടെ അപ്പീൽ ആർത്ഥികാധികാരിത നിലവിലുള്ള ഒരു ലക്ഷം രൂപയിൽ നിന്നും നാല്പത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന്

ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം അവാർഡ് തുക കണക്കിലെടുക്കാതെ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണലുകളുടെ അവാർഡിൻമേലുള്ള അപ്പീൽ അധികാരം സിംഗിൾ ജഡ്ജിക്ക് നൽകുന്നതിനുള്ള ഭേദഗതി കൂടി കൊണ്ടുവന്നിട്ടുണ്ട്. ഭേദഗതി നിലവിൽ വരുന്നതിന് മുമ്പ് ഉത്ഭവിച്ചതും തീർപ്പാകാതെ കിടക്കുന്നതുമായ എല്ലാ വ്യവഹാരങ്ങളും അപ്പീലുകളും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തീർപ്പുകൽപ്പിക്കുന്നതിന് സാധ്യമാകുന്ന വിധത്തിൽ ഒരു ക്ലോസ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഡിവിഷൻ ബഞ്ചിലുണ്ടായിരുന്ന എല്ലാ കേസുകളും സിംഗിൾ ബഞ്ചിന്റെ പരിഗണനയ്ക്ക് വരുന്നതാണ്. ഈ സംവിധാനം നിലവിൽ വരുന്നതോടെ കുറേ കേസുകൾ ഡിസ്പോസ് ചെയ്യാൻ സാധിക്കും. ജുഡീഷ്യറിയിൽ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ ചീഫ് ജസ്റ്റിസിന്റെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നു. ജുഡീഷ്യറിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വലിയ പരിഗണനയാണ് ഗവൺമെന്റ് നൽകി വരുന്നത്. ജൂനിയർ വക്കീലന്മാർക്ക് സ്റ്റൈപ്പന്റ് പ്രഖ്യാപിച്ച ഏക സംസ്ഥാനം കേരളമാണ്. വിരമിക്കുന്ന സമയത്ത് വക്കീലന്മാർക്ക് നൽകിവന്നിരുന്ന 5 ലക്ഷം രൂപയുടെ ക്ഷേമനിധി 10 ലക്ഷം രൂപയായും ചികിത്സാ ധനസഹായം 5,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ജുഡീഷ്യറിക്കുള്ളിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണത അവസാനിപ്പിക്കണം. ബിൽ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.44-ന് പിരിഞ്ഞു.

******